Mr. K. Ayyappan *(Minister for works and Revenue):* Goverment are not a ware of their discontent. But there may be discontent.

Mr. C. V. Iyyu *(Kunnamkulam):* Will the Government be pleased to sympathetically view their applications and stop further extension of the food production leases and handover on lease these lands to Ex-Services personnel.

Mr. K. Ayyappan *(Minister for works and Revenue):* That is under the consideration of Government. Which is more important, whether food production or giving lease of lands to ex-servicemen—that is being considered by Government.

Mr. C. V. Iyyu. *(Kunnamkulam)* : If they are prepared to produce food just as the others are producing food, what is the objection for the Government to give these to ex-services personnel?

Mr. K. Ayyappan *(Minister for works and Revenue):* Government will consider that.

EXPENSES INCURRED FROM 1ST MEDAM 1123 TO 5TH KANNI 1124 WITHOUT BUDGET PROVISION—PARTICULARS OF

162. (138) **Mr. P. K. Krishnankutty Menon** *(Vellarappilly)* : Will Government be pleased to furnish the following information.—

(*a*) a list of various items and amounts of expenditure incurred by Government during the period from 1st Medam 1123 to 5th Kanni 1124 over and above those included in the budget for the said period;

(*b*) the persons who were responsible for the said expenditure?

Mr. Govinda Menon *(Minister for Finance and Law)*:

(*a*) The budget grant is sanctioned for the whole year and no provision is ear-marked for the period referred to. A list of additional allotments sanctioned during the period referred to is placed on the Assembly table. It cannot be said at this stage that all these additional allotments have been utilised and whether the actual expenditure has exceeded the budget grant.

(*b*) The additional allotments were sanctioned by Government under section 28 (1) c of the Government of Cochin Act, in respect of the votable heads.

മിസ്റ്റർ പി. കെ. ഡീവർ: കൌൺസിൽ ഉണ്ടായിരുന്നകാലത്തു് സാങ്ങ്ഷൻ വാങ്ങിയതായ അഡീഷനൽ അലോട്ടുമെൻറും ഇതിൽ ഉൾപ്പെടുമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൌൺസിൽ സാങ്ങ്ഷൻ ചെയ്യാതെ തന്നെ ഗവമ്മെണ്ടിന്നു എടുക്കാൻ അധികാരമുള്ള ഒരു സംഖ്യയാണു് ഇതു്. കൌൺസിലിൻെറ വോട്ടുപ്രകാരം എടുക്കേണ്ടതാണു് വോട്ടബിൾ ഹെഡ്ഡ്.

മിസ്റ്റർ പി. കെ. ഡീവർ: കൌൺസിലിൽവെച്ചു സാങ്ങ്ഷൻ വാങ്ങേണ്ടതും ഇതിൽ പെടുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇവിടെ എടുത്തുപറഞ്ഞതു് ഈ കാൎയ്യത്തെപ്പററിയാണു്.

2. VOTING OF DEMANDS FOR GRANTS

(i) 5. Panchayats

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: പഞ്ചായത്തുകൾക്കായുള്ള ൧,൨൧,൩൬൩ ഉറുപ്പിക അനുവദിച്ചുതരുവാൻ സഭയോടപേക്ഷിക്കുന്നു.

സർ, ഈ ഗ്രാൻറിന്നപേക്ഷിക്കുന്ന അവസരത്തിൽ എനിയ്ക്കു ഇതിന്നുപരി വരാൻ പോകുന്ന ഉപക്ഷേപങ്ങളെ സംബന്ധിച്ചു സാമാന്യമായി ഒന്നു പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഈ ഉപക്ഷേപങ്ങൾ ഓരോ പ്രാദേശികാവശ്യങ്ങളെ സംബന്ധിച്ചുള്ള ഉപക്ഷേപങ്ങളാണു്. അവയിൽ ഒന്നുപോലും ആവശ്യമില്ലെന്നൊ, ചെയ്യേണ്ടതായിട്ടില്ലെന്നൊ പറയാൻ ഗവമ്മെണ്ടിന്നു സാധിക്കുകയില്ല. എന്നാൽ ഈവിധത്തിൽ അനവധി പ്രാദേശികാവശ്യങ്ങൾ ഗവമ്മെണ്ടിൻെറ മുമ്പിൽ ഇന്നു നിലവിലുണ്ടു്. അവയിൽ ഓരോന്നും വരുമ്പോൾ ഉടനടി ചെയ്യാം, അല്ലെങ്കിൽ ആലോചിക്കാം, അല്ലെങ്കിൽ പണം മതിയാവുകയില്ല എന്നു ഗവമ്മെണ്ടു പറയുന്നതു് സാധാരണ പതിവാണു്. ആ വിധത്തിൽ ഇനിമേൽ ഈവക കാൎയ്യങ്ങളിൽ ചെയ്യാതിരുന്നാൽ കൊള്ളാമെന്നു് ഗവമ്മെണ്ടിന്നാഗ്രഹമുണ്ടു്. ഇന്നു പഞ്ചായത്തുറോഡുകളുടെ കാൎയ്യങ്ങൾ, പഞ്ചായത്തു കുളങ്ങൾ, കെട്ടുകൾ, വരമ്പുകൾ ഇങ്ങിനെയുള്ള പല പ്രാദേശികാവശ്യങ്ങളേയും സംബന്ധിച്ചു ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നതു

---

*Speech not corrected by the Hon'ble member.

[Mr. P. Govinda Menon]

അവയെല്ലാം ക്രോഡീകരിച്ചു ഒരുദ്യോഗസ്ഥക്കമ്മിററിയുടെ സഹായത്തോടുകൂടി ഒരു പ്രയാട്ടീലിസ്റ്റ് തയ്യാറാക്കണം എന്നാണ്. ആ ലിസ്റ്റനുസരിച്ച് അഞ്ചുകൊല്ലം കൊണ്ടോ, പത്തുകൊല്ലംകൊണ്ടോ ചെയ്തുതീർക്കാവുന്ന ഒരു പദ്ധതി അവലംബിക്കുന്നതായിരിക്കും കൂടുതൽ ബുദ്ധിപൂർവ്വകമാവുക എന്നാണ് എനിക്കു തോന്നുന്നതു്. എന്നിട്ട് ഓരോ കൊല്ലവും ഇന്ന ഇന്ന പണികൾ എടുക്കാൻ ഗവമ്മെണ്ടു തീരുമാനിക്കുന്നു എന്നു മിക്കവാറും ഒരു ഗ്രൂപ്പുസമ്പ്രദായത്തിൽ പ്രസിദ്ധീകരണം ചെയ്യുന്നതു നന്നായിരിക്കും എന്നാണ് എൻെറ പക്ഷം. ഇന്നു ഗവമ്മെണ്ടിൻെറ ആനുകൂല്യം സമ്പാദിയ്ക്കാൻ സാധിക്കുന്നവർക്ക് .ഗവമ്മെണ്ടിനെ സ്വാധീനിക്കുവാൻ സാധിക്കുന്നവർക്ക് ആണ് ഓരോ ദിക്കുകളിൽ കാര്യങ്ങൾ നടത്തുവാൻ സാധിക്കുന്നതു്. ഈ വിധത്തിൽ അതാതു ദിക്കുകളിൽ, പഞ്ചായത്തു ഡയറക്ടരുടെയൊ, അതല്ലെങ്കിൽ പഞ്ചായത്തുമന്ത്രിയുടെയൊ സന്മനസ്സിനെ ആശ്രയിച്ചുമാത്രം ഈവക പണികൾ നിർവ്വഹിക്കണമെന്നുള്ള അവ്യവസ്ഥതയെ മാററി അതിൻെറ സ്ഥാനത്തു ഒരു വ്യവസ്ഥയുണ്ടാക്കാനുള്ള നടപടികൾ എടുക്കാൻ ആലോചിയ്ക്കുന്നു. ഇപ്പോൾ തന്നെ ഒരു പ്രയാട്ടീലിസ്റ്റ് തയ്യാറാക്കിയതു തൻെറ കൈവശമുണ്ടെന്നു് പഞ്ചായത്തു ഡയറക്ടർ എന്നോടു് പറയുകയുണ്ടായി. അതു് അപൂർണ്ണമായിരിക്കാം. എന്നാൽ പൂർണ്ണമായി എല്ലാ പ്രദേശങ്ങളിലെയും ആവശ്യങ്ങളെ പരിശോധിച്ച് അതിന്നു എന്തുസംഖ്യ വേണ്ടിവരുമെന്നു് തീരുമാനിച്ചു്,അതിൽ പ്രാധാന്യമേറിയവ ലിസ്റ്റിൽ ആദ്യവും താരതമ്യേന അപ്രധാനമായവ ലിസ്റ്റിൻെറ ഒടുവിലുമായി ചേർത്തു് ഒരു പ്രയാർട്ടീലിസ്റ്റുണ്ടാക്കണമെന്നാണ് എൻെറ ഇന്നത്തെ ആഗ്രഹം. അതനുസരിച്ചു അചിരേണ പ്രവൃത്തിക്കുന്നതാണ്, ഇവിടെ ഓരോ ബഹുമാനപ്പെട്ട അംഗങ്ങളും കൊണ്ടുവരുന്ന പ്രാദേശികാവശ്യങ്ങളിൽ ഒന്നുപോലും ആവശ്യമില്ലാത്തതാണെന്നൊ, ചെയ്യേണ്ടതല്ലാത്തതാണെന്നോ എനിയ്ക്കു പറയാൻ കഴിയുകയില്ല. ഇത്രമാത്രം ഈ ബഡ്ജററവതരിപ്പിക്കുന്നതോടൊപ്പം ഞാൻ പറഞ്ഞുകൊള്ളുന്നു.

M.. E. Ekkanda Warriar (*Prime Minister*): I second it.

Mr. C. V. Iyyu *(Kunnamkulam)*: In this connection, I would like to point out for saving the time of the house that the only cut motions based on principles or policy of administration like that of cut motion No. 19 tabled by Mr. K. Kunhirama Menon, to expedite the conduct of the Panchayat elections etc. So is it not better that all the cut motions are not moved and this or other such cut motions alone are taken up.

Mr. President: It is a suggesttion thrown out by the Hon'ble member. There are 21 cut motions under this demand. The suggestion put forward by the Hon'ble member is that in view of the statement made by the Hon'ble Minister for Finance and Law, these cut motions need not be moved.

Mr. K. Kunhirama Menon *(Cheruthuruthy)*: Cut motion No. 16 also must be moved.

Mr. C. V. Iyyu *(Kunnamkulam)*: Yes.

This was not agreed to by the House.

CUT MOTION No. 1

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, എൻെറ ഉപക്ഷേപം ഇതാണ് To reduce the allotment of Rs 1,60,303 for Village Panchayaths—B—Contribution to Village Panchayaths—Works—Communication in Demand No. 5 by ——Re 1.

To discuss the necessity of Connecting cheruthuruthy—Peruthuruthy road in Pazhanji with Kattakampal Main Road.,

സർ, ഈ പ്രാദേശികാവശ്യത്തെ മുൻനിർത്തിക്കൊണ്ടാണ് ഞാൻ ഈ ഉപക്ഷേപം ഈ സഭയിൽ അവതരിപ്പിക്കുന്നതു്. പഴഞ്ഞി അങ്ങാടിയോടു തൊട്ടുകിടക്കുന്ന ചെറുതുരുത്തി, പെരുതുരുത്തി മുതലായ......

Mr. President: In view of the large number of out motions, I auggest that Hon'ble Members may be pleased to make their speeches as brief as possible.

മിസ്റ്റർ കെ. ഐ. വേലായുധൻ: പഴഞ്ഞിനിയോജകമണ്ഡലത്തിൽ ചെറുതുരുത്തി, പെരുതുരുത്തി, കാട്ടകമ്പാൽ, പെങ്ങാമുക്ക് മുതലായ പ്രദേശങ്ങളെ ജനനിബിഡമായ സ്ഥലവുമായി കൂട്ടിഘടിപ്പിക്കുവാൻ സൌകര്യമായ ഒരു റോഡില്ലാത്തതുകൊണ്ടു് ആ കാര്യം ഗവമ്മെണ്ടിൻെറ ദൃഷ്ടിയിൽ പെടുത്താൻ വേണ്ടിയാണ് ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്. വളരെക്കാലമായി ഇങ്ങിനെ ഒരു റോഡിവിടെ അത്യന്താപേക്ഷിതമാണെന്നു് കാണിച്ചുകൊണ്ടു്, അവിടെനിന്നും ഗവമ്മെണ്ടിലേയ്ക്കു് വളരെയധികം അപേ

ക്ഷകൾ അയയ്ക്കുകയുണ്ടായി. ഇതിന്നുമുമ്പിലത്തെ കൌൺസിലിൽ, ഇതുപോലെയുള്ള ഒരു കട്ട്മോഷൻ അന്നത്തെ ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ അവതരിപ്പിക്കുകയുണ്ടായി. പക്ഷെ, ഇതുവരെയും ഗവമ്മെണ്ട് കാട്ടകമ്പാൽ റോഡ്, ചെവറ്റുരത്തിയുമായി കൂട്ടിയിണക്കുന്ന യാതൊരു പ്രവൃത്തിയും ചെയ്യില്ല. അവിടത്തെ പഞ്ചായത്ത്, ഇതിനെ സംബന്ധിച്ചുള്ള പ്രമേയങ്ങൾ പാസ്സാക്കി ഗവമ്മെണ്ടിലേക്കയച്ചിട്ടും ഗവമ്മെണ്ടിതുവരെ അതിൽ യാതൊന്നും പ്രവത്തിക്കാതെ മൌനം അവലംബിക്കുകയാണ് ചെയ്തിട്ടുള്ളതു്. അതുകൊണ്ട് ജനങ്ങളുടെ സൌകര്യത്തെപ്പററി ആലോചിച്ച് കാട്ടകമ്പാൽ ബസ്സ് റൂട്ടിലേയ്ക്ക് കടന്നുപോകുവാൻവേണ്ടി ഒരു ചെറിയ റോഡ്, അര ഫർലോങ്ങ് മാത്രം നീളം വരുന്ന ഒരു ചെറിയ റോഡു വെട്ടേണ്ടതു വളരെ അത്യാവശ്യമാണ്. ഇതുകൊണ്ട് ഗവമ്മെണ്ടിന് വലിയ ചിലവു വരുകയില്ല. ഈ രണ്ട് റോഡുകളുടേയും ഇടക്ക് അനുഭവങ്ങളില്ലാത്ത ഒരുവലിയ പറമ്പും, ഒരു ചെറിയ വീടും മാത്രമെയുള്ളു. അതുകൊണ്ട് അവിടത്തെ ജനങ്ങളുടെ ഗതാഗതസൌകര്യത്തിന്നുവേണ്ടി ഇങ്ങിനെ ഒരു ചെറിയ റോഡ് ഗവമ്മെണ്ടിന്നു അധികച്ചിലവുവരാത്തവിധം വെട്ടേണ്ടതു് അത്യാവശ്യമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

* **മിസ്റ്റർ പി. ഗോവിന്ദമേനോൻ:** സർ, ഈ റോഡ് ആവശ്യമാണെന്നുള്ള ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തെ ഒരിക്കലും നിഷേധിക്കാനൊരുക്കമില്ല. പക്ഷെ, ൧൯൫൨ മേയ്മാസം ൧൧-ാംനു ഇതിനെപ്പററി ഗവമ്മെണ്ടാലോചിച്ചതിൽ ഈ റോഡാവശ്യമില്ലെന്നുള്ള തീരുമാനമുണ്ടായിട്ടുണ്ട്. അവിടത്തെ പഞ്ചായത്തിന്റെ അഭിപ്രായവും ഏറെക്കുറെ ഇങ്ങിനെതന്നെയാണ് കാണുന്നതു്. ഇത്രയും ഞാൻ പറഞ്ഞതുകൊണ്ട് ഈ തീരുമാനം ഒരു അവസാന തീരുമാനമാണെന്ന് വിചാരിയ്ക്കരുതു്. ഞാൻ ബഡ്ജററവതരിപ്പിച്ചപ്പോൾ പറഞ്ഞ സ്കീമനുസരിച്ച് ഈ റോഡിന്റെ കാര്യം ആലോചിക്കാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഇന്നു നിലവിലുള്ള പഞ്ചായത്ത് ഒരുപക്ഷെ, ഈ ആവശ്യത്തിന്നു എതിരായിരിക്കാനിടയുണ്ട്. എന്നാൽ ഇതിന്നുമുമ്പിലത്തെ പഞ്ചായത്ത്, ഈ റോഡ് ആവശ്യമാണെന്നു പറഞ്ഞു ഒരു പ്രമേയം പാസ്സാക്കീട്ടുണ്ട്. ഇന്നത്തെ പഞ്ചായത്തു ചില മെമ്പർമാരുടെ വീടിന്റെ അടുക്കൽക്കൂടി ഈ റോഡ് കൊണ്ടുപോകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചിലപ്രമേയങ്ങൾ പാസ്സാക്കിഅയച്ചിട്ടുണ്ട്, അതു് അവിടെയുള്ള ജനങ്ങളെ സാരമായി ബാധിക്കുന്ന കാര്യമാണ്. ഗവർമ്മെണ്ട് ആ പ്രമേയത്തെ മുൻനിത്തിക്കൊണ്ടാണ് ഇങ്ങിനെയുള്ള മറുപടി പറയുന്നതു് എങ്കിൽ, തീച്ചയായും അതബദ്ധമാണ്. കാരണം, ഇതിന്നുമുമ്പുണ്ടായിരുന്ന പഞ്ചായത്ത്, ഈ റോഡിന്റെ ആവശ്യകത പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്നുവേണ്ടി അവർ പ്രവത്തിച്ചിട്ടുമുണ്ട്. എങ്കിലും ഗവമ്മെണ്ട് പ്രയാട്ടിലീസ്റവുണ്ടാക്കുമ്പോൾ ഈ കാര്യത്തിന്നും മുൻഗണന നൽകാമെന്ന് പറഞ്ഞതുകൊണ്ട് സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 2

* **മിസ്റ്റർ വി. കെ. ജോസഫ്:** സർ, ഞാനവതരിപ്പിക്കുന്ന പ്രമേയം ഇതാണ്.

To reduce the allotment of Rs. 6,52,851 Panchayats—Contribution to Village Panchayats in Demand No. 5. by—Rs. 2. *(To impress upon the Government the urgent necessity of Constructing a bridge in the road from Thuruthumparamba to Padinjire Chalakudi.)*

സർ, കൊച്ചിസംസ്ഥാനത്തിൽ റോഡുകൾകൊണ്ടും പാലങ്ങൾകൊണ്ടും വഴിനടക്കാൻ പാടില്ലെന്നുള്ള പരസ്പരവിരുദ്ധമായ പ്രസ്താവന പലരിൽനിന്നും കേൾക്കുന്നുണ്ട്. അതിൽ ഏറെക്കുറെ വാസ്തവവുമില്ലായ്കയില്ല. എന്നാൽ ഇങ്ങിനെയുള്ള തെററിദ്ധാരണ വരാൻ കാരണം, സേവയും ശുപാർശിയുമുള്ള ആളുകൾക്കു റോഡുകൾ കൊടുക്കുക എന്നുള്ളതുകൊണ്ടാണ്., ഇന്നുവരെ അത്യാവശ്യമായിട്ടുള്ള യാതൊരു കാര്യവും നടത്താതെയാണിരുന്നിട്ടുള്ളതു്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി തിരഞ്ഞെടുപ്പിന്നു ഓടിനടന്ന അവസരത്തിൽ ഈ ഉപക്ഷേപം അവതരിപ്പിക്കാനിടവരുത്തിയ പാലത്തിന്റെ ആവശ്യം

---

* Speech not corrected by the Hon'ble member.

[Mr. V. K. Joseph]

അദ്ദേഹം മനസ്സിലാക്കിട്ടുണ്ടാകുമെന്നു വിശ്വസിക്കുന്നു. ഉദ്ദേശം മുന്നൂററിചില്വാനം വീട്ടുകളോളമുള്ള ഒരു തുരുത്തുപോലെയുള്ള സ്ഥലത്തുനിന്നു പുറത്തേക്കു കടന്നു വരുന്നതിന്നു യാതൊരു വഴിയുമില്ല. അവിടെ ഒരു ചെറിയ പാലമിടുന്നപക്ഷം മനുഷ്യൎക്കു കടന്നുവരാൻ സാധിയ്ക്കും. നാലുവശവും വെള്ളത്താൽ ചുററപ്പെട്ട ഒരു ദ്വീപാണതു്. അവിടെനിന്നു പുറത്തേയ്ക്കു കടക്കുന്നതിന്നു് സൌകൎയ്യമുള്ള തരത്തിൽ ഒരു പാലമിടേണ്ട കാൎയ്യത്തിന്നു ഗവൎമ്മെണ്ടു പ്രിയാറിട്ടീലിസ്റ്റിൽ മുൻഗണന നല്കും, ആരുടേയും ശുപാൎശ നോക്കാതെ പ്രവൎത്തിയ്ക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചതുകൊണ്ടു ഈകാൎയ്യം ഗവൎമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. ഇതിൽ കൂടുതലായി ഇതിനെപ്പററി എനിയ്ക്കൊന്നും പറയാനില്ല.

മിസ്റ്റർ വി. കെ. ജോസഫ്: സർ, സഭയുടെ അനുവാദത്തോടുകൂടി ഈ ഉപക്ഷേപം ഞാൻ പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

CUT MOTION No. 3

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: സർ, എന്റെ ഉപക്ഷേപം ഇതാണ്.

To reduce the allotment of Rs. 6,52,851 for B, Contribution to Village Panchayats in Demand No. 5. by — Re. 1.

(പഞ്ചായത്തുവക എളങ്കുളം പഞ്ചായത്തു ചൊറാക്കുഴിപ്പാലം ഉടനെ പൂൎത്തിയാക്കേണ്ട കാൎയ്യം സംസാരിപ്പാൻ)

സർ, ഇതിൽ ചൊറാക്കുഴി എന്നു കാണുന്നതു് തെററാണ്. പൊററക്കുഴിയെന്നാണു ആവേണ്ടതു്. അവിടെ ഒരു പാലം വളരെ അത്യാവശ്യമായിട്ടുള്ളതാണ്. ടാററാ, കമ്പനി. S·V·O C·, B·O·C· മുതലായ കമ്പനികളിൽ ജോലിചെയ്യുന്ന ആളുകളിൽ അധികവും താമസിക്കുന്നതു കല്ലൂരും മററുമാണ്. അവർ ഈവഴിയാണു പോകുന്നതു. അവിടെ അറന്തറിൽ ചില്വാനം രൂപാ ചിലവാക്കി ഒരു പാലം ഉണ്ടാക്കീട്ടുണ്ടായിരുന്നു. അതു ഇപ്പോൾ നാമാവശേഷമായിരിക്കുന്നു. ഇപ്പോൾ ഒരു ചെറിയ കടത്തോ മറേറാ ഇട്ടിട്ടുണ്ടു്. അവിടെ ഒരു പാലം അത്യാവശ്യമാണെന്നുള്ള കാൎയ്യം ഗവൎമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണു ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്.

***മിസ്റ്റർ പി. ഗോവിന്ദമേനോൻ:** സർ, ഈ പാലത്തിന്റെ കാൎയ്യം ഫ ഫറ വ-ൽ ആലോചിച്ചു. പഞ്ചായത്തു ഡിപ്പാൎട്ടുമെണ്ടിൽനിന്നു ഫ ഫറ വ-ൽ ഇതിനെ കുറിച്ചാലോചിച്ചപ്പോൾ, അവിടെ കുറച്ചുകൂടി വലിയ ഒരു പാലം കെട്ടേണ്ടതിനെക്കുറിച്ചു പബ്ലിക്കു് വൎക്സ് ഡിപ്പാൎട്ടുമെണ്ടിൽനിന്നാലോചിക്കുന്നുണ്ടെന്നറിഞ്ഞതുകൊണ്ടു പഞ്ചായത്തു ഡിപ്പാൎട്ടുമെണ്ടിൽനിന്നു അന്നു പണി നടത്തിയില്ല. ഇപ്പോൾ പബ്ലിക്‌വൎക്സ് ഡിപ്പാൎട്ടുമെണ്ടിൽനിന്നു ആ പണി എടുത്തതായും കാണുന്നില്ല. അതുകൊണ്ടു പഞ്ചായത്തു ഡിപ്പാൎട്ടുമെണ്ടിൽനിന്നു തല്ക്കാലത്തേക്കു ഒരു പാലം പണിയേണ്ടതിനെ കുറിച്ചു ആലോചിക്കുന്നതാണ്.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 4

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: To reduce the allotment of Rs. 6,52,851. for B. contribution to Village Panchayats in Demand No. 5 by — Re. 1.

(ശ്രീമൂലനഗരം പഞ്ചായത്തിൽ ഒരു റേഡിയൊ സ്ഥാപിക്കേണ്ടതിനെപ്പററി ആലോചിപ്പാൻ)

സർ, ആ വില്ലേജിൽ ഒരു റേഡിയൊ സ്ഥാപിക്കേണ്ടകാൎയ്യം ഗവൎമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ കട്ടുമോഷൻ കൊണ്ടുവന്നിരിക്കുന്നതു്. അവിടെ ഒരു റേഡിയൊ സ്ഥാപിക്കാൻ സ്ഥലസൌകൎയ്യമുണ്ടു്. ബാററിയുടെ കുഴപ്പവും നേരിടുകയില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെകുറിച്ചാലോചിച്ചു ചെയ്യുന്നതാണ്.

---

* Speech not corrected by the Hon'ble member.

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 5

മിസ്റ്റർ കെ. സി. മായൻകുട്ടി മേത്തർ: To reduce the allotment of Rs. 1,60,303 for Village Panchayats works—communications in Demand No. 5 by—Re. 1.

(കടവന്ത്ര മെയിൻറോഡിന്റെ പരിസരപ്രദേശങ്ങളിലുള്ള ജനങ്ങൾക്ക മെയിൻ റോഡിലേക്ക കടക്കവാനുള്ള സഞ്ചാരസൗകര്യമുണ്ടാക്കികൊടുക്കവാൻ പഞ്ചായത്തു മുഖേന ആവശ്യമായ സ്ഥലങ്ങളിലെല്ലാം ക്രാസുവഴികൾ നിർമ്മിച്ചു കിട്ടേണ്ടതാണെന്നു ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കവാൻ)

സർ, കടവന്ത്രറോഡിന്റെ പരിസരങ്ങളിലുള്ള ജനങ്ങൾക്ക കടവന്ത്രറോഡിലേയ്ക്കു ക്രാസുവഴികൾ വേണമെന്നാണ് ഞാൻ ഈ ഉപക്ഷേപംവഴി ഗവമ്മെണ്ടിനോടാവശ്യപ്പെടുന്നതു്. ഇതിൽ ചെറിയൊരു പിശകുണ്ടു്. "എല്ലാം ക്രാസുവഴികൾ, എന്നതിനു പകരം ഒരു ക്രോസുറോഡു്" വേണമെന്നാണു്. തൃപ്പൂണിത്തുറയിൽനിന്നു കടവന്ത്രയിലേയ്ക്കു ഒരു റോഡുണ്ടു്. ആ മെയിൻറോഡിലേയ്ക്കു കടക്കാനും, പൊതുമാന്തുരുള്ള ശ്മശാനത്തിലേയ്ക്കു പോകാനും ഒരു വഴി സ്ഥാപിച്ചുകിട്ടണമെന്നു് ആവശ്യപ്പെട്ടു തുടങ്ങിട്ടു കാലം കുറെ ആയി. ഇതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട മന്ത്രിമാക്കു സമപ്പിച്ചിട്ടുള്ള മെമ്മൊറാണ്ടത്തിൽ പറഞ്ഞിട്ടുള്ള ഭാഗം ഞാൻ ഇവിടെ വായിക്കാം.

"കടവന്ത്ര മെയിൻറോഡിന്റെ പാർശ്വഭാഗങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക മെയിൻറോഡിലേയ്ക്കു പ്രവേശിക്കാനും അവിടെയുള്ളവക്കു് മൃതശരീരങ്ങൾ പൊതുമാന്തുരുള്ള ശ്മശാനഭൂമിയിലേയ്ക്കു കൊണ്ടുപോകേണ്ടതിനും മററും ടി വഴി സ്ഥാപിച്ചു കിട്ടുവാൻ വേണ്ടി പ്രഥമ ജനകീയമന്ത്രി ആയിരുന്ന ഡോക്ടർ എ. ആർ. മേനോന്റെ കാലംതുടങ്ങി അതായതു ൧൧൧൮ മുതൽ പഞ്ചായത്തു ഡയറക്ടർ അവർകൾക്കും, നേരിട്ടു ബഹുമാനപ്പെട്ട മന്ത്രിമാക്കും അപേക്ഷകൾ അയച്ചു തുടങ്ങിയിട്ടുള്ളതാണു്. ദീഘമായ ഈ കാലഘട്ടത്തിനുള്ളിൽ പഞ്ചായത്തിൽനിന്നു വഴിക്കുള്ള സ്ഥലം നിശ്ചയിക്കയും എസ്റ്റിമേററ് തയ്യാറാക്കുകയും ചെയ്തതല്ലാതെ തുടന്നു യാതൊരു നടപടിയും അവർ എടുത്തില്ല."

ഈ വഴിയെ സംബന്ധിച്ചു അവർ കൊടുത്ത അപേക്ഷകൾക്ക ലഭിച്ച മറുപടികളുടെ പകപ്പുകൾ—അതു പത്തുകൊല്ലങ്ങൾക്ക മുമ്പു ലഭിച്ചിട്ടുള്ളതാണു്— കൂടി ആ മെമ്മൊറാണ്ടത്തിന്റെ കൂടെ കൊടുത്തിട്ടുണ്ടു്.

അതിനു പുറമെ, "ഈ വഴിയുടെ പണിക്കുള്ള സംഖ്യ ൧൧൨൮-ലെ ബഡ്ജററിലെങ്കിലും കൊള്ളിച്ചു ടി കൊല്ലത്തിൽതന്നെ പണി നടത്തി കിട്ടണമെന്നു കാണിച്ചുകൊണ്ടു വീണ്ടും വ്യ—വ്യ—'വന്ദ/ന ൧—ന—' ർവ്യ-ൽ ഒരപേക്ഷ മന്ത്രിക്ക കൊടുത്തിട്ടുണ്ടായിരുന്നു. അതിനു മറുപടി ഇതേവരെ ലഭിച്ചിട്ടില്ല. ഉദ്ദേശം രണ്ടു ഫർലോങ്ങ് മാത്രം നീളംവരുന്ന ഈ ഇടവഴിക്ക വേണ്ട നിസ്സാര സംഖ്യ പത്തു കൊല്ലത്തിനിടയിൽ ഗവമ്മെണ്ടിനെകൊണ്ടു വകകൊള്ളിക്കവാൻ കഴിഞ്ഞില്ല എന്നു പറയുന്നതു പരിതാപകരമല്ലേ? ഇനിയെങ്കിലും പണി ദീഘിപ്പിച്ചുകൊണ്ടുപോകാതെ ഈ കൊല്ലത്തിൽതന്നെ ഈ വഴി അടിയന്തിരമായി തുറന്നു കിട്ടേണ്ടതാകുന്നു".

ഇതാണു് മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുള്ളതു്. ആകെ, രണ്ടുഫർലോങ്ങ് നീളം മാത്രമേ ഉള്ളു. ഈ വഴി തുറന്നു തരണമെന്നാണു് ഞാൻ ഗവമ്മെണ്ടിനോടഭ്യത്ഥിക്കുന്നതു്.

*** മിസ്റ്റർ പി. ഗോവിന്ദമേനോൻ:** സർ, ഈ കട്ട്മോഷനിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രത്യേക റോഡിനെപ്പററി ഒന്നും പറഞ്ഞിട്ടില്ല. ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം ക്രോസുവഴികൾ തുറന്നു കിട്ടണമെന്നാണു് ഉപക്ഷേപം. അതുകൊണ്ടു ഇപ്പോൾ പറഞ്ഞ റോഡിനെകുറിച്ചു പ്രത്യേകം ആലോചിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ പറഞ്ഞ പ്രത്യേക റോഡിനെപ്പററി എങ്ങിനെയാണെന്നാലോചിച്ചു ചെയ്യാം.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: Item No. 4. ആണു്. അതു നോട്ടുചെയ്താൽ തരക്കേടില്ല.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടു ചെയ്യാം.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

---

*Speech not corrected by the Hon'ble member.

CUT MOTION No. 6

മിസ്റ്റർ ചേലാതി റാവുത്തർ: To reduce the allotment of Rs. 19,995, for Village Panchayats works—Irrigation in Demand No. 5. by — Re. 1. *(To bring to the notice of the Government the possibilities of acquiring the non-Government portion of the* (ചിറക്കുളം) *tank in chelakkara Village for irrigation purpose and for supplying water to bathing tanks)*

സർ, ചേലക്കരയുടെ ഏതാണ്ട് മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു കുളമാണ് ഇതു്. ഇതിൽ ഉറവുള്ളതുകൊണ്ടു വെള്ളം വേനൽക്കാലത്തു വററാറില്ല. എന്നാൽ വർഷകാലങ്ങളിൽ മലവെള്ളം വന്നു കുത്തിഒലിച്ചു തൂർന്നുപോകുന്നുണ്ട്. ആ കുളം പകുതിഭാഗം ഒരു ജന്മിയുടെ വകയാണ്. ആ ഭാഗം ഗവമ്മെണ്ടു അക്വയർചെയ്തു നന്നാക്കിയാൽ അതിന്നു കീഴിലുള്ള മുന്നൂറോളം ഏക്കർ കൃഷിക്കു വെള്ളംകിട്ടും. പിന്നെ ചേലക്കര നിവാസികൾ ഇന്നു കുളിക്കാൻ വെള്ളം കിട്ടാതെ വളരെ കഷ്ടപ്പെടുന്നുണ്ട്. അതിന്നു ഒരു പരിഹാരമാർഗ്ഗവുമാകും. അതിനാൽ ഗവമ്മെണ്ടു ഇതിനെപ്പററി ആലോചിക്കണമെന്നു അപേക്ഷിക്കുന്നു.

***മിസ്റ്റർ പി. ഗോവിന്ദമേനോൻ:** സർ, ഈ കുളം പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽനിന്നു പരിശോധിച്ചു ൫൦ സെൻറ് വിസ്താരമുള്ള കുളമാണ്. അതിൽ പകുതി പുറംപോക്കും പകുതി പഞ്ചായത്തിന്റെ കയ്യിലുമാണ്. ആ കുളം മുഴുവൻ പുറംപോക്കാക്കുകയാണെങ്കിൽ കൂടുതൽ ഉപകാരപ്രദമാണ്. ഏതായാലും ഇതിനെക്കുറിച്ചാലോചിക്കാം.

മിസ്റ്റർ ചേലാതിറാവുത്തർ: ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

Cut motion no. 7. (not moved)

CUT MOTION No. 8

Mr. C. V. Iyyu *(Kunnumkulam)*: I am not moving my cut motion because in reply to a question the Hon'ble Premier has consented to look into the matter raised by me in the cut motion.

Not moved

CUT MOTION No. 9

***മിസ്റ്റർ കോടനാട്ട് നാരായണൻനമ്പൂതിരിപ്പാട്:**

To reduce the allotment of Rs. 19,995 for Panchayat works-Irrigation in Demand No. 5 by Rs. 2. [*To impress upon the Government the need to connect the existing thodu in Vellarakkad Village South of Vadakancheri-Kunnumkulam Road with the thodu connecting Elavathungal Chira with Kottanu chal in Egyal Village.*

സർ, ഞാൻ ഈ ഉപക്ഷേപത്തിന്റെ തത്വപരമായി രണ്ടു വാക്ക് പറയുവനാണ് വിചാരിക്കുന്നതു്. ഇന്നിവിടെ കൊണ്ടുവന്ന ഉപക്ഷേപങ്ങൾ രണ്ടുമൂന്നുതരത്തിൽ പെട്ടവയാണ്. ഇറിഗേഷന്റെ കാര്യം, റേഡിയോവിന്റെ കാര്യം, പാലത്തിന്റെ കാര്യം. ഇതിൽ റേഡിയോവിന്റെ കാര്യം അവസാനമായി ചിന്തിച്ചാൽ മതി. കൃഷി വർദ്ധിപ്പിക്കേണ്ടതത്യാവശ്യമാണ് അതുകൊണ്ട് ഇറിഗേഷന്റെ കാര്യമാണ് ആദ്യം അംഗീകരിക്കേണ്ടതു്. അതിനാൽ ഇങ്ങിനെയുള്ള തോടിന്റെ കാര്യത്തിനാണ് പ്രാധാന്യം കൊടുക്കേണ്ടതു്. ഈ തോടിന്റെ കാര്യം ഗവമ്മേണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തുന്നതിനാണ് ഞാൻ ഈ മോഷൻ വന്നതു്. ഗവമ്മേണ്ടു വേണ്ടതു ചെയ്യുമെന്നു വിശ്വസിക്കുന്നു.

***മിസ്റ്റർ പി. ഗോവിന്ദമേനോൻ:** സർ, ബഹുമാനപ്പെട്ട ജന്മിമെമ്പറുടെ അഭിപ്രായത്തോട് ഗവമ്മേണ്ട് യോജിക്കുന്നു. ഒരു Priority list ഉണ്ടാക്കുന്നുവെന്നു പറഞ്ഞതു് ഈ വക കാര്യങ്ങൾകൂടി ആലോചിച്ചിട്ടാണ്. റോഡുകളോ, തോടുകളോ ഏതാണ് ആദ്യം വേണ്ടതെന്നൊക്കെ ആലോചിക്കാൻ കൂടിയാണ് ഒരു Priority list ഉണ്ടാക്കുന്നുവെന്നു പറഞ്ഞതു്. ഇന്നത്തെ നിലയിൽ കൃഷിയാണ് പരിപോഷിപ്പിക്കേണ്ടതു്. അതിന്നു ജലസേചനം ആവശ്യമാണ്. ആ തത്വം ഗവമ്മേണ്ട് അംഗീകരിച്ചിട്ടുണ്ട്.

മിസ്റ്റർ കോടനാട്ട് നാരായണൻ നമ്പൂതിരിപ്പാട്: ബഹുമാനപ്പെട്ട മന്ത്രി ഇതു് അംഗീകരിച്ചു എന്നു പറഞ്ഞതനുസരിച്ചു ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 10.

***മിസ്റ്റർ ഇട്ട്യേര അമ്പുക്കൻ:** To reduce the allotment of Rs. 1,60,303 for Village Panchayats - B - works - Communications in Demand No. 5 by Rs. 2.

---

*Speech not corrected by the Hon'ble member.

(To bring to the notice of the Government urgent necessity of metallin, Mala Krishnankotta Road).

സർ, മാള–കൃഷ്ണൻകോട്ട റോഡു മെററൽ ചെയ്യേണ്ട കാര്യമാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടാവശ്യപ്പെടുന്നതു്. വളരെ അധികം ബസ്സുസർവ്വീസ്സുകളും നിരവധി ലോറികളും ഓടിക്കൊണ്ടിരിക്കുന്നതുമായ ഒരു റോഡാണിതു്. ഈ റോഡു മെററൽ ചെയ്യേണ്ട ആവശ്യത്തെപ്പററി ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രിയുടെ അടുക്കൽ ഒരു നിവേദനം തന്നെ നടത്തിട്ടുണ്ടു്. അതു വളരെയധികം എളുപ്പത്തിൽ നന്നാക്കാവുന്നതാണു്. വളരെയധികം പാറകൾ ഗവമ്മേണ്ടിൽനിന്നു പൊട്ടിച്ചതു് ഈ റോഡിനരികിൽ കിടപ്പുണ്ടു്. അതിൽനിന്നു ഒരു ഭാഗം ഉപയോഗിച്ചാൽ ഈ റോഡു നന്നാക്കാൻ സാധിക്കും. ഈ കാര്യം ഗവമ്മെണ്ടു് ആലോചിക്കണം.

മിസ്റ്റർ കെ. അയ്യപ്പൻ: അതിനെപ്പററി ഗവർമ്മേണ്ടു് ആലോചിക്കാം.

മിസ്റ്റർ ഇട്ട്യേര അമ്പൂക്കൻ: ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn.

Cut Motions 11 and 12 were not moved

CUT MOTION No. 13

മിസ്റ്റർ ചേലാതി റാവുത്തർ:

To reduce the allotment of Rs. 1,60,303 for Village Panchayats works-Communications in Demand No. 5 by Re. 1.

(To bring to the notice of the Government the dire need to have connection road to both the Muslim Mosques in Chelakkora Village from "അന്തിമഹാകാളൻ കാവു്" *road at* "പത്തുകുടി" *street.)*

സർ, ചേലക്കര ടൌണിന്നു അടുത്തു് ഏകദേശം മുന്നൂറോളം മുസ്ലിം കുടിക്കാർ താമസിക്കുന്ന ഒരു സ്ഥലമാണു് പത്തുകുടി സ്റ്റ്രീററു്. അവിടെ രണ്ടു് മുസ്ലിം പള്ളികളുണ്ടു്, അവിടെയുള്ളവർക്കു പള്ളികളിലേക്കു പോകുന്നതിനു ഒരു റോഡില്ല. ഇതിനെ സംബന്ധിച്ചു മിസ്റ്റർ ടി. കെ. നായർ ഗ്രാമോദ്ധാരണമന്ത്രിയായിരുന്ന കാലത്തു അവർ ഒരു നിവേദനം ചെയ്തിട്ടുള്ളതാണു്. അദ്ദേഹം സ്ഥലത്തു വന്നു പരിശോധിക്കുകയൊ അതിനു നിവാരണമുണ്ടാക്കുകയൊ ചെയ്തിട്ടില്ല. ഈ സംഗതി ബഹുമാനപ്പെട്ട മന്ത്രി ഒന്നു ശ്രദ്ധിച്ചാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനെക്കുറിച്ചു ഗവമ്മേണ്ടു് ആലോചിക്കാം.

മിസ്റ്റർ ചേലാതി റാവുത്തർ: ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 14

***മിസ്റ്റർ ഇട്ട്യേര അമ്യൂക്കൻ:**

To reduce the allotment of Rs. 1,60,303 for Panchayats works - Communications in Demand No. 5 by Rs. 2.

To bring to the notice of the Government the necessity of constructing a bridge between Puthenvelikkara and Poyya which will open traffic in the road which connects Chennamangarlam and Trichur.

സർ, ചേന്ദമംഗലത്തുനിന്നു തൃശ്ശൂക്കു പോകാൻ ഒരു റോഡു വേണം. ഇപ്പോൾ ചേന്ദമംഗലത്തുനിന്നു പറൂർ വന്നു ആലുവാ വഴിയാണു് തൃശ്ശൂക്കു പോകുന്നതു്. ഇതുമൂലം വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. എന്നാൽ രണ്ടു പാലം മാത്രം കെട്ടിയാൽ ചേന്ദമംഗലത്തുനിന്നു തൃശ്ശൂക്കു എളുപ്പത്തിൽ പോകാവുന്നതാണു്. പൊയ്യയും പുത്തൻവേലിക്കരയും മദ്ധ്യത്തിൽ പാലം കെട്ടിയാൻ മതി. ഈകാര്യം ഗവമ്മേണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണു് ഞാൻ ഈ ഉപക്ഷേപംകൊണ്ടുദ്ദേശിക്കുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതു തിരുവിതാംകൂർ ഗവമ്മെണ്ടുമായി യോജിച്ചു ചെയ്യേണ്ട ഒരു കാര്യമാണു്. ഈ സംഗതിയിൽ ആ ഗവമ്മെണ്ടുമായി എഴുത്തുകുത്തു നടത്തിവരികയാണു്.

മിസ്റ്റർ ഇട്ട്യേര അമ്യൂക്കൻ: ഞാൻ ഈ കട്ടു്മോഷൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

---

*Speech not corrected by the Hon'ble member.

CUT MOTION No. 15

Mr. A. K. George *(Kattur)*: Mr. President. I want to move the cut motion No. 15. To reduce the allotment of Rs. 1,60,303 for village panchayats works communication in demand No. 5, by Re. 1. *to point out the necessity of opening a road connecting Mulangu with Thottipal.* No doubt this is purely a local demand and I am bringing to the notice of the Government so that it may be included in the blueprint that is going to be presented by the Hon'ble Minister. The Hon'ble Finance Minister knows as much as I do about the position of Mulangu because he has had occasion to visit the place during the election campaign. It is a place just like an island surrounded by low lying fields. It has been a pressing need for a number of years, and I hope the Government will see that this unlucky plece of earth gets some communication with the out side world.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, നാലുഭാഗവും വെള്ളത്താൽ ചുററപ്പെട്ട ഒരു ദ്വീപുപോലെയുള്ള സ്ഥലമാണ് ഈ മുലാംഗ്, അവിടെയ്ക്കു ഒരു റോഡു വേണമെങ്കിൽ ഒന്നരമയിൽ നീളം വേണം. അവിടെയുള്ള നിലങ്ങൾ അക്വയർ ചെയ്യണം. എന്തായാലും അവിടെ ഒരു റോഡു വേണമെന്ന കാര്യം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

Mr. A. K. George *(Kattur)*: I beg to leave of the House to withdraw the motion.

Motion, by leave, withdrawn

CUT MOTION No. 16

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: To reduce the allotment of Rs. 19,995 for Panchayat works in the Demand No. 5 by Re. 1.

(പഞ്ചായത്തിൻകീഴിൽ ചെയ്യാറുള്ള പതിവു ചിറകളുടെ പണി കാലോചിതമായി തീർക്കുന്നതിനു വേണ്ടുന്ന പദ്ധതി ഉണ്ടാക്കണമെന്ന സംഗതി അപേക്ഷിക്കുവാൻ)

സർ, പഞ്ചായത്തിൻ കീഴിൽ പതിവായി നടത്തിവരാറുള്ള ചിറകളുടെ പണി വേണ്ടുന്ന സമയത്തു തുടങ്ങുകയൊ അവസാനിപ്പിക്കുകയൊ ചെയ്യാത്തതുകൊണ്ടു കൃഷിക്കാർക്കും മററും ഉദ്ദേശിക്കുന്ന ഗുണങ്ങൾ സിദ്ധിക്കാറില്ല എന്നാണ് ഞാൻ ഇവിടെ പ്രസ്താവിക്കുന്നതു്. ചിറകൾക്ക് മുൻകാലങ്ങളിലെപ്പോലെ ബഡ്ജററിൽ ൫൦ക. ൭൫ക. ൧൦൦ക. ൧൨൫ക. എന്നിങ്ങിനെയാണ് കൊള്ളിച്ചു കാണുന്നതു്. അതു ഇന്നത്തെ ടെണ്ടർ Above ൧൦൦ ശതമാനം ൨൦൦ ശതമാനം എന്ന സ്ഥിതിയിൽകൂടി പണിയെടുക്കുവാൻ തരംപോലെ ആളുകളെ കിട്ടാറില്ല. രണ്ടാമതു് ചിറപണികൾക്ക് ഓവർസിയരുടെ എസ്റ്റിമെററ തയ്യാറാക്കൽ, അതു് പാസ്സാക്കൽ മുതലായതിനുതന്നെ വളരെ കാലതാമസവും നോട്ടക്കുറവും വരുന്നുണ്ടു്. അതുകൊണ്ടു് ഒരു നിർബ്ബന്ധമായ നയം, അതായതു് അതാതു കൊല്ലങ്ങളിലേക്കുള്ള മൺചിറകളുടെ എസ്റ്റിമേററ് കന്നി ൧൫-ാം-ക്കുതന്നെ അതാതു പഞ്ചായത്തുകളിൽ Estimate തയ്യാറാക്കി എത്തിക്കണമെന്ന സംഗതിയിൽ ഒരു പ്രത്യേക കല്പന പുറപ്പെടുവിക്കണമെന്നു ഗവമ്മെണ്ടിനോടു അപേക്ഷിച്ചുകൊണ്ടു ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഇന്നത്തെ നടപടിയിൽ വല്ല ദോഷങ്ങളുമുണ്ടെങ്കിൽ അതൊക്കെ നീക്കാവുന്നതാണ്. അതിന്നു് ഈ ബഹുമാനപ്പെട്ട സഭയിലെ എല്ലാ അംഗങ്ങൾക്കും നിർദ്ദേശം തരാം. അതിനെക്കുറിച്ചു ഗവമ്മെണ്ടു് ആലോചിക്കുന്നതാണ്.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

Cut Motions 17 & 18 were not moved

CUT MOTION No. 19

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: To reduce the allotment of Rs. 7,27,636 for Panchayats (Total) in Demand No. 5 by Re. 1 പഞ്ചായത്തുതിരഞ്ഞെടുപ്പു് ഉടൻതന്നെ നടത്തണമെന്ന സംഗതി ഗവമ്മെണ്ടിനോടു അപേക്ഷിക്കുവാൻ)

സർ, ഈ സംഗതി വളരെ മുഖ്യവും ന്യായവുമാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ Priority list അനുസരിച്ചു കാര്യങ്ങൾ പഞ്ചായത്തുകളിൽ ശരിയായി, ന്യായമായി നടക്കണമെങ്കിൽ അതിനു പ്രായപൂർത്തി വോട്ടവകാശപ്രകാരമുള്ള ഒരു തിരഞ്ഞെടുപ്പു പഞ്ചായത്തുകളിൽ നടത്തണം. ഇപ്പോഴത്തെ പഞ്ചായത്തിലെ ആളുകളെ ഒക്കെ മാററി അവരു

---

*Speech not corrected by the Hon'ble member.

ടെ കാലാവധി അവസാനിപ്പിച്ചു തിരഞ്ഞെടുപ്പു നടത്തണം. അതിനുമുമ്പ് ഈ Priority list തയ്യാറാക്കരുതെന്നുകൂടി എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുവാനുണ്ട്. നിയമസഭാതിരഞ്ഞെടുപ്പു കഴിഞ്ഞു, മുനിസിപ്പൽ എലക്ഷനും കഴിയാറായി. അപ്പോൾ പഞ്ചായത്തു തിരഞ്ഞെടുപ്പ് ഉടനെ നടത്തണമെന്നുള്ളതു ന്യായം മാത്രമാണ്. ഈ സംഗതി ഞാൻ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനായി ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, തിരഞ്ഞെടുപ്പു നടത്തുന്ന കാര്യത്തിൽ വളരെ ജാഗ്രതയായി പ്രവർത്തിക്കുന്നുണ്ട്. അടുത്തുതന്നെ തിരഞ്ഞെടുപ്പു നടത്തുന്നതാണ്. കാലതാമസം വരികയില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അടുത്തുതന്നെ തിരഞ്ഞെടുപ്പു നടത്താമെന്നു പറഞ്ഞു. അതു മകരം ൩൦-ാംനു-ക്കു മുമ്പുതന്നെ നടത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുവാൻ ഈ സഭയുടെ അനുമതിക്കപേക്ഷിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 20

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: To reduce the allotment of Rs. 7,27,639 for Village Panchayats in Demand No. 5 by Re. 1 (എളങ്കുളം ഹിൽപാലസ് റോഡിനു വടക്കുവശത്തായി അന്നാട്ടുകാർക്കു കളിക്കുവാൻ ഉപയോഗിക്കുന്നതിനായി ഒരു പൊതുകളത്തിനുള്ള സ്ഥലം ഗവമ്മെണ്ടിൽനിന്നു അക്വയർ ചെയ്തെടുത്തു കഴിപ്പിച്ചുതരുവാൻ വേണ്ട നടപടികൾ എടുക്കണമെന്ന് ആവശ്യപ്പെടുവാൻ)

സർ, ഈ സംഗതി ഒന്നാലോചിച്ചാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഇപ്പോൾ ഒരു കളമുണ്ട്. ഒരെണ്ണംകൂടി വേണമോ എന്നന്വേഷിക്കാം. വേണമെന്നു കണ്ടാൽ അങ്ങിനെ ചെയ്യാം.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: എളങ്കുളം സെൻററിലാണ് ഇപ്പോൾ ഒരു കളമുള്ളത്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്വേഷിച്ചു വേണ്ടതു ചെയ്യാം.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ഞാൻ ഈ കട്ടമോഷൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 21

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: To reduce the allotment of Rs 7,27,636 for Village Panchayats (Total) in Demand No. 5 by Re. 1 (എളങ്കുളം നിവാസികളുടെ പ്രചോദനത്തിനു സഹായകമായ തരത്തിൽ സൌകര്യപ്രദമായ സ്ഥലത്തു ഒരു റേഡിയോ സ്ഥാപിച്ചുതരേണ്ടതാണെന്നു ഗവമ്മെണ്ടിനോടഭ്യർത്ഥിക്കുവാൻ)

സർ, എളങ്കുളത്തു ഒരു റേഡിയോ വേണമെന്നാണ് ഈ കട്ടമോഷൻ കൊണ്ടു ഞാൻ അപേക്ഷിക്കുന്നതു്.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട മെമ്പർ, റേഡിയോ സ്ഥാപിക്കുന്ന കാര്യത്തെപ്പററി ബഹുമാനപ്പെട്ട ജന്മി മെമ്പർ പറഞ്ഞ അഭിപ്രായം കേട്ടിരിക്കുമല്ലോ? ആ വക കാര്യങ്ങളൊക്കെ വെച്ചുകൊണ്ട് ഈ കാര്യത്തിൽ ആകുന്നവിധം ചെയ്യുന്നതാണ്.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn
Demand put and carried

(ii) 3—Panchayats (Cranganur)

Mr. P. Govinda Menon *(Minister for Finance and Law)*: Under 3—Panchayats-Cranganur, I move that an amount of Rs. 7,030 be granted to Government.

Mr. E. Ikkanda Warrier (*Prime Minister*) : I second it.

CUT MOTION

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: To reduce the allotment of Rs. 7,030 for (Panchayats (Cranganur) in Demand No. 3 by Re. 1 (കൊടുങ്ങല്ലൂർ പഞ്ചായത്തുകൾക്ക് കൂടുതൽ പണം അനുവദിച്ചുകൊടുക്കണമെന്നു ഗവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ)

---

* Speech not corrected by the Hon'ble member.